# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 മാർച്ച് 15, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: വെഞ്ഞാറമൂട് ഇരട്ടക്കൊലപാതക കേസിന്റെ ഗൂഢാലോചനയിലേയ്ക്ക് പോലീസ് അന്വേഷണം നടത്തിയിട്ടില്ലെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തുടരന്വേഷണത്തിന് തയ്യാറാകാതെ കേസ് അട്ടിമറിക്കുന്നതായും അതുമൂലം പൊതുസമൂഹത്തിൽ ഉളവായിട്ടുള്ളതായും പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ,

ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന കേസിന്മേലുള്ള പോലീസ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കുകയും വിചാരണയ്ക്കായി പോസ്റ്റ് ചെയ്തിരിക്കുകയുമാണ്. ഒരു വ്യക്തി നടത്തിയതായി പറയപ്പെടുന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലുള്ള കാര്യമാണ് നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്, അത് ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ അവതരണാനുമതി നൽകാൻ കഴിയില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II ശ്രദ്ധക്ഷണിക്കൽ

### 1. കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണ നയം തിരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. നന്ദകുമാർ: പൊതുമേഖലയും പൊതു ആസ്തിയും വിൽക്കുന്ന കേന്ദ്രസർക്കാരിന്റെ സ്വകാര്യവൽക്കരണ നയം തിരുത്തണമെന്ന് ആവശ്യപ്പെടാനും സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും ചുമട്ടുതൊഴിലാളി നിയമത്തിലെ അപാകതകളും

അവ്യക്തതകളും മാറ്റി നിയമഭേദഗതി കൊണ്ടുവരാനുമുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): നവ ഉദാരവൽക്കരണ നയങ്ങൾ തീവ്രമായി നടപ്പാക്കുന്നതിലൂടെ രാജ്യത്തിന്റെ അഭിമാനസ്തംഭങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങൾക്കുപുറമെ പൊതു ആസ്തികളും സ്വകാര്യ കുത്തകകൾക്ക് കൈമാറുന്ന നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നത്. രാജ്യത്തിന് വിനാശകരമായ ഈ നടപടികൾ തിരുത്തണമെന്ന് സംസ്ഥാന സർക്കാർ നിരന്തരമായി ആവശ്യപ്പെട്ടിട്ടും അതിനെ അവഗണിക്കുന്ന കേന്ദ്രസർക്കാർ നിലപാട് ഫെഡറൽ തത്ത്വങ്ങൾക്കെതിരാണ്. പൊതുമേഖലയിലൂടെ മാത്രമേ രാജ്യത്തിന് വികസനം നേടാൻ സാധിക്കുകയുള്ളൂവെന്നതിനാൽ ഈ നയത്തിനെതിരെ ഒറ്റക്കെട്ടായി നിലനിൽക്കണം. സംസ്ഥാന നിയമസഭ പാസ്സാക്കിയ ചുമട്ടുതൊഴിലാളി നിയമപ്രകാരമുള്ള സംരക്ഷണം അർഹരായ എല്ലാ തൊഴിലാളികൾക്കും ലഭിക്കും. കേരള ചുമട്ടുതൊഴിലാളി നിയമം, ചട്ടം, ക്ഷേമപദ്ധതി എന്നിവ പരിഷ്കരിച്ച് ചുമട്ടുതൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് വ്യാവസായിക സൗഹൃദ തൊഴിൽ അന്തരീക്ഷം നിലനിർത്തുന്നതിനുമാവശ്യമായ നടപടി

സ്വീകരിക്കുന്നത് സംബന്ധിച്ച് പരിശോധന നടന്നുവരികയാണ്.

(അടിയന്തരപ്രമേയ നോട്ടീസിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയശേഷം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

(2) എം. ഡി. എം. എ. മയക്കുമരുന്നിന്റെ ഉപയോഗം തടയൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: എം.ഡി.എം.എ.- യുടെ ഉപയോഗം തടയാനാവശ്യമായ നിയമനിർമ്മാണം നടത്താനും മയക്കുമരുന്നുകൾ തിരിച്ചറിയുന്നതിനുള്ള ഡിറ്റക്ടിംഗ് കിറ്റുകൾ പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റെയിഞ്ച് ഓഫീസുകളിലും സ്ഥാപിക്കാനും ഇത്തരം മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്താനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കേരളത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരികയാണ്. കഞ്ചാവ് കൂടാതെ എം.ഡി.എം.എ. പോലുള്ള ലഹരിവസ്തുക്കൾ എക്സൈസ് വകുപ്പ് കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമൂഹത്തിന് ദോഷകരമായ രീതിയിലുള്ള മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും തടയുന്നതിന് സർക്കാരിന്റെ വിവിധ വകുപ്പുകളും കേന്ദ്ര ഏജൻസികളും ശക്തമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

മയക്കുമരുന്ന് കടത്ത്, വിപണനം എന്നിവ സംബന്ധിച്ച രഹസ്യവിവരങ്ങൾ ലഭ്യമാക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നതോടൊപ്പം എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ കൊറിയർ, പാഴ്സൽ സർവ്വീസുകൾ വഴി എം.ഡി.എം.എ. പോലുള്ള മയക്കുമരുന്ന് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരിശോധന ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയും ജനപ്രതിനിധികളുടെ അദ്ധ്യക്ഷതയിൽ വാർഡുതല കമ്മിറ്റി രൂപീകരിച്ചും കുറ്റകൃത്യങ്ങൾ ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും മറ്റ് വകുപ്പുകളുമായി ചേർന്ന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ലഹരിക്ക് അടിമപ്പെട്ടവർക്ക് കൗൺസിലിംഗും ചികിത്സയും നൽകുന്നതിനായി ജില്ലകൾതോറും വിമുക്തി ഡീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്.

## III. സബ്മിഷൻ

### (1) വീട്ടും സ്ഥലവും വിട്ടുനൽകിയവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി നൽകൽ

ഡോ. സുജിത് വിജയൻ പിള്ള: ദേശീയപാതാ വികസനത്തിന് വീടും സ്ഥലവും വാണിജ്യസ്ഥാപനങ്ങളും വിട്ടുകൊടുത്തവർക്ക് പുതിയ നിർമ്മാണത്തിന് അനുമതി നൽകാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദിഷ്ട അളവ് പാലിച്ചുകൊണ്ട് കെട്ടിടം നിർമ്മിക്കാനുള്ള അനുമതി എൻ.എച്ച്.എ.ഐ.-യിൽ നിന്നും ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): കെട്ടിടനിർമ്മാണ ചട്ടപ്രകാരം ദേശീയപാതയിൽ നിന്നും മൂന്ന് മീറ്റർ അകലത്തിൽ നിർമ്മാണങ്ങൾ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും നിർമ്മാണങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. നിർമ്മാണത്തിലിരിക്കുന്ന ദേശീയപാത അതിർത്തിക്കുള്ളിലുള്ള കെട്ടിട നിർമ്മാണത്തിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന ആക്സസ് പെർമിറ്റ് സമർപ്പിക്കുന്ന മുറയ്ക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകുന്നത്. ടി വിഷയത്തിൽ

ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും എൻ.എച്ച്.എ.ഐ.-യുടെ ഇളവുകൾ ലഭിക്കുന്നതിനും സർക്കാർതലത്തിൽ ഇടപെടൽ നടത്തുന്നതാണ്. സ്വകാര്യ കൺസൾട്ടൻസി ഏജൻസികൾ ആക്സസ് പെർമിറ്റ് ലഭിക്കുന്നതിനായി തുക ഈടാക്കുന്ന വിഷയം ബന്ധപ്പെട്ട കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) ആലത്തൂരിലെ ലാൻഡ് ട്രിബ്യൂണൽ ഓഫീസ്

ശ്രീ. കെ. ഡി. പ്രസേനൻ: ആലത്തൂർ ആസ്ഥാനമായി ലാൻഡ് ട്രിബ്യൂണൽ ഓഫീസ് ആരംഭിക്കുന്നതിനും ആലത്തൂർ താലൂക്കിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പട്ടാമ്പി ലാൻഡ് ട്രിബ്യൂണലിന്റെ അധികാരപരിധിയിൽനിന്നും ആലത്തൂർ താലൂക്കിനെ വേർപെടുത്തി പാലക്കാട് ലാൻഡ് ട്രിബ്യൂണലിൽ ഉൾപ്പെടുത്തുന്ന കാര്യവും ആലത്തൂർ കേന്ദ്രമായി ലാൻഡ് ട്രിബ്യൂണലിന്റെ ക്യാമ്പ് സിറ്റിംഗ് നടത്തുന്നതിനുള്ള നിർദ്ദേശവും പരിഗണിക്കുന്നതാണ്. ആലത്തൂരിൽ പുതിയ ലാൻഡ് ട്രിബ്യൂണൽ ഓഫീസ് ആരംഭിക്കുന്ന കാര്യം

സർക്കാർ പരിശോധിച്ചുവരികയാണ്. ടി താലൂക്കിലെ ട്രിബ്യൂണൽ കേസ്സുകൾ തീർപ്പാക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

(3) മിഠായി സാറ്റലൈറ്റ് സെന്ററുകൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): എല്ലാ ജില്ലകളിലും "മിഠായി സാറ്റലൈറ്റ് സെന്ററുകൾ" ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലാണ് നിലവിൽ മിഠായി പദ്ധതിയുടെ സേവനം ലഭ്യമായിട്ടുള്ളത്. ഇതിനുപുറമേ 9 കേന്ദ്രങ്ങളിൽക്കൂടി മിഠായി സാറ്റലൈറ്റ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ക്ലിനിക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ആശുപത്രി സൂപ്രണ്ടിന്റെ അക്കൗണ്ടിലേയ്ക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. സാറ്റലൈറ്റ് സെന്ററുകളിലേയ്ക്കാവശ്യമായ മരുന്നും മറ്റ് ചികിത്സാ ഉപകരണങ്ങളും കെ.എം.എസ്.സി.എൽ. മുഖേന വാങ്ങുന്നതിന് പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഏപ്രിൽ രണ്ടാം വാരത്തോടുകൂടി മിഠായി സാറ്റലൈറ്റ്

സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(4) ആലപ്പുഴയിലെ കുടിവെള്ള ക്ഷാമം

ശ്രീ. പി. പി. ചിത്തരഞ്ജൻ: ആലപ്പുഴയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ആലപ്പുഴ നിയോജകമണ്ഡലത്തിലെ മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം പഞ്ചായത്തുകളിൽ കുഴൽക്കിണർ സ്കീമുകളിൽനിന്നും ആലപ്പുഴ കുടിവെള്ള പദ്ധതികളിൽനിന്നുമാണ് ജലവിതരണം നടത്തുന്നത്. തകഴി, കേളമംഗലം ഭാഗത്ത് നിരന്തരമുള്ള പൈപ്പുപൊട്ടലിന് ശാശ്വതപരിഹാരം കാണുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്; പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്ന കാലയളവിൽ പമ്പിംഗ് തടസ്സപ്പെടുന്നത് പരിഹരിക്കുന്നതിന് പദ്ധതി പ്രദേശത്ത് കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്. ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനായി 212 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകളിൽ ഉന്നതതല

ജലസംഭരണിക്ക് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി എല്ലാ ഭവനങ്ങളിലും 2024-ഓടെ ശുദ്ധജലമെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(5) കയ്പമംഗലത്തെ കടലാക്രമണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കയ്പമംഗലം മണ്ഡലത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിന് ടെട്രാപോഡ് ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കയ്പമംഗലം മണ്ഡലത്തിന്റെ തീരപ്രദേശത്ത് 2018-2021 കാലയളവിൽ റബിൾമൗണ്ട് സീവാളിന്റെ പ്രവൃത്തികൾക്കായി 59.10 ലക്ഷം രൂപയും ജിയോബാഗ് ഉപയോഗിച്ചുള്ള 18 പ്രവൃത്തികൾക്കായി 248.75 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. അടിക്കടിയുണ്ടാകുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റുമൂലമുണ്ടാകുന്ന കടലാക്രമണവും ചെറുക്കാൻ കഴിയുന്ന കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി കേന്ദ്ര ഭൗമ മന്ത്രാലയത്തിന് കീഴിലുള്ള തീരപഠന ഗവേഷണ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ സംസ്ഥാന ജലവിഭവ വകുപ്പ്

കരാറിൽ ഏർപ്പെടുകയും രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊടുങ്ങല്ലൂർ പ്രദേശത്തെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെല്ലാനത്ത് 340 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യഘട്ട പ്രവൃത്തിക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. എൻ.സി.സി.ആർ. റിപ്പോർട്ട് വരുന്ന മുറയ്ക്ക് കയ്പമംഗലത്ത് കടലാക്രമണം തടയുന്നതിന് സ്ഥിരമായ നടപടി സ്വീകരിക്കാൻ കഴിയും. അടുത്ത കാലവർഷമോ അതിരൂക്ഷമായ കടലാക്രമണമോ ഉണ്ടാകുന്നതിനുമുമ്പ് ആ മേഖലയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിലെ കീടബാധമൂലമുള്ള നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): തൃശ്ശൂർ ജില്ലയിൽ ഈ വർഷം പാടശേഖരങ്ങളിൽ ബാക്ടീരിയ മൂലമുള്ള രോഗങ്ങൾ വ്യാപകമായി കാണപ്പെടുകയുണ്ടായി. മണലൂർ നിയോജകമണ്ഡലത്തിലെ 17 പാടശേഖരങ്ങളിൽ 1165 നെൽകർഷകർക്കാണ് രോഗബാധമൂലം വിളനാശം സംഭവിച്ചത്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ

നെൽകൃഷിക്കുണ്ടാകുന്ന കീടരോഗബാധ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പദ്ധതിയിൽ അംഗത്വം സ്വീകരിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതാണ്. ശാസ്ത്രജ്ഞരടങ്ങിയ വിദഗ്ധ സംഘം രോഗബാധയ്ക്കെതിരെയുള്ള നിയന്ത്രണമാർഗ്ഗങ്ങളും മുൻകരുതൽ നടപടികളും ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനായി തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച 8.23 ലക്ഷം രൂപയിൽ നിന്നും 2.76 ലക്ഷം രൂപ മണലൂർ നിയോജകമണ്ഡലത്തിലെ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്.

(7) ഭൂമിക്ക് പരിവർത്തനാനുമതി

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തിയിൽ കേന്ദ്രീയ വിദ്യാലയവും സർക്കാർ സ്ഥാപനങ്ങളും നിർമ്മിക്കുന്നതിനുള്ള ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിന് പാട്ടത്തിന് നൽകിയിട്ടുള്ള 8 ഏക്കർ ഭൂമി, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം, 'നെൽവയൽ' എന്ന നിർവചനത്തിൽ ഉൾപ്പെടുന്ന ഭൂപ്രദേശമാണ്. 'പൊതു ആവശ്യം' എന്ന

നിലയിൽ നിലം പരിവർത്തനപ്പെടുത്തുന്നതിനായി സംസ്ഥാനതല സമിതിക്ക് ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ പാരിസ്ഥിതിക വ്യവസ്ഥയെ ദോഷമായി ബാധിക്കുമെന്നതിനാൽ ആവശ്യം പരിഗണിക്കേണ്ടതില്ലെന്ന് ശിപാർശ ചെയ്തിരുന്നു. 27-07-2021-ലെ പ്രാദേശിക നിരീക്ഷണ സമിതിയുടെ തീരുമാനത്തിന്റെകൂടി അടിസ്ഥാനത്തിലാണ് നിലം നികത്തുന്നതിനുള്ള അനുമതി നിരസിച്ചിട്ടുള്ളത്. അനുയോജ്യമായ സ്ഥലങ്ങൾ പുരയിടമായി ലഭ്യമാണെങ്കിൽ നിർമ്മാണ പ്രവൃത്തിക്കായി ഉപയോഗിക്കുന്നതുവഴി നിർദ്ദിഷ്ട കേന്ദ്രീയ വിദ്യാലയം നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കാവുന്നതാണ്.

## 8. കരുനാഗപ്പള്ളി ഫ്ളൈ ഓവർ

ശ്രീ. സി. ആർ. മഹേഷ്: ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി ജംഗ്ഷനിൽ നിർമ്മിക്കുന്ന 'വാൾ എലിവേറ്റഡ് ഹൈവേ' പ്രവൃത്തി ഒഴിവാക്കി 'ഓപ്പൺ ഫ്ളൈ ഓവർ' നിർമ്മിക്കുന്നതിന് കേന്ദ്ര ഗതാഗത വകുപ്പിനോട് ശിപാർശ ചെയ്യുന്നതിനും സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ട്രാഫിക് സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കരുനാഗപ്പള്ളി ജംഗ്ഷനിൽ 30 മീറ്റർ വീതം നീളമുള്ള രണ്ട് സ്പാനുകളോടുകൂടിയ ഫ്ളൈ ഓവർ നിർമ്മിക്കുന്നതെന്നാണ് ദേശീയ പാതാ അതോറിറ്റി മറുപടി നൽകിയിട്ടുള്ളത്. പ്രവൃത്തി അവാർഡ് ചെയ്തിട്ടുള്ളതിനാലും കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചതിനാലും ഫ്ളൈ ഓവറിന്റെ ഡിസൈനിൽ മാറ്റം വരുത്തുന്നത് അഭികാമ്യമല്ലെന്നും ദേശീയ പാത വികസനത്തിന്റെ ഭാഗമായി വീതി കൂട്ടുന്നതുമൂലം ഭൂമി നഷ്ടപ്പെടുന്ന വ്യാപാരികൾക്ക് നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കുമെന്നും ഹൈവേ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതോറിറ്റിയുടെ പ്രവൃത്തികൾ വിലയിരുത്തുകയും യഥാസമയം പരിശോധന നടത്തിവരികയും ചെയ്യുന്നുണ്ട്.

## 9. ചിറയ്ക്കൽപ്പാറ, ചെറുവള്ളി പാലങ്ങളുടെ നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): വെള്ളപ്പൊക്കത്തിൽ തകർന്ന കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ചെറുവള്ളി പാലം പുനർനിർമ്മിക്കുന്നതിനും മണിമലയാറിന് കുറുകെ ചിറയ്ക്കൽപ്പാറയിൽ പുതിയ പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പ്രളയത്തിൽത്തകർന്ന പാലങ്ങളുടെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ ചെറുവള്ളി പാലം നിർമ്മാണം സാദ്ധ്യമാകുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ചിറയ്ക്കൽപ്പാറക്കടവിൽ പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന മണ്ണുപരിശോധനയുടെ റിപ്പോർട്ട് ലഭ്യമായാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതും സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതുമാണ്.

10. പട്ടാമ്പി റോഡിന്റെ നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാന പാതയിലെ പുലാമന്തോൾ മുതൽ മേലാറ്റൂർ വരെയുള്ള റോഡ് പ്രവൃത്തിയിലെ കാലതാമസം പരിഹരിക്കുന്നതിനും പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഓറോടംപാലം-മാനത്ത് മംഗലം ബൈപ്പാസ് റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി വേഗത്തിൽ പുരോഗമിച്ചിരുന്ന പുലാമന്തോൾ-മേലാറ്റൂർ റോഡിന്റെ പ്രവൃത്തി

കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിലുണ്ടായ കാലതാമസംമൂലമാണ് മന്ദഗതിയിലായിട്ടുള്ളത്. റോഡ് നിർമ്മാണ പ്രവൃത്തികൾ കൂടുതൽ ഊർജ്ജിതമാക്കുമെന്ന് കരാറുകാരൻ ഉറപ്പുനൽകിയിട്ടുണ്ട്. ടാറിട്ട റോഡുകൾ കുടിവെള്ളത്തിനായി കുത്തിപ്പൊളിക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് പൊതുമരാമത്ത്-ഇറിഗേഷൻ വകുപ്പുമന്ത്രിമാർ യോഗം ചേർന്ന് ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുള്ളതും രണ്ടു വകുപ്പുകളും പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അടിയന്തര ജോലികൾക്കായി അനുമതി നൽകാൻ റോ പോർട്ടലിൽ പ്രത്യേക സംവിധാനവുമൊരുക്കുന്നതാണ്.

## IV റിപ്പോർട്ട് സമർപ്പണം

ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ടും സമർപ്പിച്ചു.

## V പ്രത്യേക അനുമതി

<u>നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം</u>

നടപ്പുസമ്മേളനത്തിലെ നിയമസഭാ യോഗങ്ങളിൽ

ഹാജരാകാതിരിക്കാൻ അനുവാദം ചോദിച്ചുകൊണ്ടുള്ള ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.-യുടെ അപേക്ഷ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ വായിക്കുകയും സഭ അനുവാദം നൽകുകയും ചെയ്തു.

## VI ധനകാര്യം

### 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച- തുടർച്ച

ശ്രീ. വി. കെ. പ്രശാന്ത്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിലും നികുതി വരുമാനത്തിലും വളർച്ച കൈവരിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് നടത്തിയതിലും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനമെന്ന നിലയിലും കേരളം മുൻപന്തിയിലാണ്. തിരുവനന്തപുരത്ത് മെഡിക്കൽ ഇന്നൊവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് 100 കോടി രൂപയും ഗ്ലോബൽ സയൻസ് ഫെസ്റ്റിനുവേണ്ടി 4 കോടി രൂപയും ഔട്ടർ റിംഗ് റോഡിന് 1000 കോടി രൂപയും വകയിരുത്തിയത് അഭിനന്ദനീയമാണ്. ടെക്നോപാർക്കിന്റെ വികസനത്തിന് പുതിയ പദ്ധതികളാവിഷ്കരിക്കുമെന്ന പ്രഖ്യാപനവും വാമനപുരം നദി ശുചീകരണം, മലിനജലത്തിൽനിന്നും ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതി,

ആർ.സി.സി.-യുടെ വികസനം എന്നിവയ്ക്ക് തുക നീക്കിവച്ചതും സ്വാഗതാർഹമാണ്. ഊളമ്പാറ മാനസികാരോഗ്യ കേന്ദ്രത്തിനും വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനായി ഒഴിപ്പിക്കപ്പെടുന്ന സ്ഥാപനങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനും തുക വകയിരുത്തണം. പുതുതായി രൂപീകരിക്കുന്ന യുവജനസംഘങ്ങളെ സഹായിക്കുന്നതിനും ലോട്ടറിയുടെ ഘടന പുതുക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങളില്ലാത്തതും യാഥാർത്ഥ്യബോധമില്ലാത്തതുമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. പൊള്ളയായ വാഗ്ദാനങ്ങൾ മാത്രമാണ് ഈ ബഡ്ജറ്റിലുള്ളത്. മുൻ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ 40 ശതമാനം തുകപോലും വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയുടെ വിനിയോഗത്തിലും പരിതാപകരമായ അവസ്ഥയാണുള്ളത്. 2016-2017 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ചാലക്കുടി റവന്യൂ ടവർ യാഥാർത്ഥ്യമാക്കണം. തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാനും

വനഭൂമിയുൾപ്പെടെയുള്ള പട്ടയങ്ങൾ നൽകാനും നടപടി സ്വീകരിക്കണം. കലാഭവൻ മണിയുടെ സ്മരണയ്ക്കായുള്ള മുനിസിപ്പൽ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ തുക അനുവദിക്കണം. പ്രവാസികൾക്ക് സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനും കോവിഡ് പ്രതിസന്ധിമൂലം മടങ്ങിപ്പോകാൻ കഴിയാത്ത പ്രവാസികളെ സഹായിക്കാനും നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിനും പ്രകൃതിക്ഷോഭത്തിലും മറ്റും വിളനാശം സംഭവിച്ചവർക്ക് അടിയന്തര സഹായം നൽകുന്നതിനുമുള്ള തുക വർദ്ധിപ്പിക്കണം.

<u>ശ്രീ. പി. എസ്. സുപാൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അതിദാരിദ്ര്യ ലഘൂകരണ പദ്ധതിക്കായി 100 കോടി രൂപയും ലൈഫ് ഭവന പദ്ധതിക്കായി 1871.82 കോടി രൂപയും സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജൻഡേഴ്സ് എന്നിവരുടെ ക്ഷേമത്തിനായി 4685 കോടി രൂപയും കാരുണ്യ ചികിത്സ പദ്ധതിക്കായി 500 കോടി രൂപയും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി 2671 കോടി രൂപയും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും വിലക്കയറ്റം തടയാനുമായി 2000 കോടി രൂപയും നീക്കിവച്ച നടപടി പ്രശംസനീയമാണ്. കാർഷിക-ആരോഗ്യ

മേഖലകൾക്ക് തുക വകയിരുത്തിയതും നെല്ലിന്റെ താങ്ങുവിലയും നെൽവയൽ ഉടമകൾക്കുള്ള റോയൽറ്റി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. കശുവണ്ടി മേഖലയിലെ സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും കാഷ്യൂ കോർപ്പറേഷനും കാപ്പെക്സിനും കൂടുതൽ പ്രവർത്തനമൂലധനം അനുവദിക്കുന്നതിനും കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. തിരുവനന്തപുരം-അങ്കമാലി എം.സി. റോഡിന്റെയും കൊല്ലം-ചെങ്കോട്ട റോഡിന്റെയും വികസനത്തിനായി 1500 കോടി രൂപ അനുവദിച്ചതും ശബരിമലയുമായി ബന്ധപ്പെടുത്തി തീർത്ഥാടന സർക്യൂട്ട് പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. പുനലൂർ ബൈപ്പാസ് യാഥാർത്ഥ്യമാക്കുകയും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി യുക്രൈനിൽനിന്ന് എത്തിച്ചേർന്ന വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുകയും വേണം.

ശ്രീ. കെ. പി. എ. മജീദ്: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാന വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ ഇടപെടലുണ്ടാകാത്തതും ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാത്തതും അപലപനീയമാണ്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണം. തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വാട്ടർ സ്റ്റോറേജ്

പദ്ധതി യാഥാർത്ഥ്യമാക്കുന്നതോടൊപ്പം പ്ലാനറ്റോറിയത്തിനും അപ്ലൈഡ് സയൻസ് കോളേജിനും ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ജോബ് മൈക്കിൾ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രതിസന്ധി ഘട്ടത്തിലും ഉത്തരവാദിത്വങ്ങൾ ഇച്ഛാശക്തിയോടെ നിർവ്വഹിച്ച സർക്കാരാണിത്. കാരുണ്യ പദ്ധതിക്കും റബ്ബർ കർഷകരെ സഹായിക്കുന്നതിനും തുക വകയിരുത്തിയത് അഭിമാനകരമാണ്. നെല്ലിന്റെ താങ്ങുവിലയും ഹാൻഡ്‌ലിംഗ് ചാർജ്ജും വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ഭൂനികുതിയിൽ ഇളവ് നൽകുന്നതിനും നടപടിയുണ്ടാകണം. കാർഷിക-ജലസേചന-വിദ്യാഭ്യാസ മേഖലകൾക്ക് മുൻഗണന നൽകിയത് പ്രശംസനീയമാണ്. മീനച്ചിൽ നദീജല പദ്ധതി പൂർത്തീകരിക്കാൻ മുൻകയ്യെടുക്കണം. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ കാലോചിതമായി വ്യത്യാസം വരുത്തുന്നതിനും ചങ്ങനാശ്ശേരി പടിഞ്ഞാറൻ ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. കർഷകർക്ക് ഭൂനികുതിയിൽ ഇളവ് നൽകുന്നതിനും റബ്ബറിന്റെ താങ്ങുവില

വർദ്ധിപ്പിക്കുന്നതോടൊപ്പം എല്ലാ ഉൽപ്പന്നങ്ങൾക്കും താങ്ങുവില പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇടുക്കി പാക്കേജ് നടപ്പാക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും ഭൂമി പതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനും തയ്യാറാകണം. കേരള ബാങ്കുൾപ്പെടെയുള്ള എല്ലാ ബാങ്കുകളിലും കർഷകർക്ക് ഒരു കൊല്ലത്തേയ്ക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും പിഴപ്പലിശ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. റഷ്യ-യുക്രൈൻ സംഘർഷത്തിന്റെ ഭാഗമായി നാട്ടിലെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കണം.

<u>ശ്രീമതി യു. പ്രതിഭ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മികച്ച പൊതുവിദ്യാഭ്യാസ നയത്തിലൂടെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും മികച്ച പൊതുജനാരോഗ്യ നയം രൂപപ്പെടുത്തിയെടുക്കാനും പ്രാദേശിക സർക്കാരുകളെ ശാക്തീകരിച്ച് നിരവധി പദ്ധതികളാവിഷ്കരിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൃഷി, വ്യവസായം, വിവര സാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങി സമസ്ത മേഖലകളിലും ഊന്നൽ നൽകി സാമൂഹ്യ സുരക്ഷ, സ്ത്രീ ശാക്തീകരണം എന്നിവയിലൂടെ സമൂലമായ മാറ്റം കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ശാസ്ത്ര-

സാങ്കേതികരംഗത്തെ ഗവേഷണം വിപുലപ്പെടുത്തി വിജ്ഞാന മേഖലയെ ഉൽപ്പാദനരംഗവുമായി ബന്ധപ്പെടുത്തണമെന്ന ബഡ്ജറ്റ് നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. വിലക്കയറ്റം അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി 2000 കോടി രൂപ വകയിരുത്തിയതും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരമ്പരാഗത കാർഷിക വിഭവ-വിപണിയിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നിർദ്ദേശവും സ്വാഗതാർഹമാണ്. ദളിത് വിഭാഗത്തിൽപ്പെട്ടവരെ ക്ഷേത്രങ്ങളിലെ പൂജാരിമാരാക്കിയതും ശ്രീനാരായണ ഗുരുവിന്റെ പേരിൽ സർവ്വകലാശാല സ്ഥാപിച്ചതും നവോത്ഥാന മൂല്യങ്ങൾക്ക് ഉദാഹരണമാണ്. സിൽവർ ലൈൻപോലുള്ള വൻകിട പദ്ധതികൾക്ക് ഊന്നൽനൽകി സ്ഥായിയായ വികസനം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. കെ. പി. മോഹനൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വികസനക്ഷേമ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖയായാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സാങ്കേതിക തടസ്സങ്ങളുടെ പേരിൽ മുടങ്ങിപ്പോകുന്ന ബൃഹത്തായ ജനക്ഷേമ പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുണ്ടാകണം. കോവിഡാനന്തര

ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാർവ്വത്രിക സംവിധാനം ഏർപ്പെടുത്തണം. വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി 2000 കോടി രൂപ വകയിരുത്തിയത് പ്രശംസാർഹമാണ്. ഭക്ഷണപദാർത്ഥങ്ങളിലെ മായം പരിശോധിക്കുന്നതിന് ലാബുകൾ സജ്ജമാക്കണം. മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കൃഷി മേഖല ലാഭകരമാക്കുന്നതിന് നൂതന കാർഷിക യന്ത്രങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷികോൽപ്പന്നങ്ങൾ തുടങ്ങിയവയ്ക്ക് മതിയായ വിലയും ആവശ്യമായ വിപണിയും ഉറപ്പുവരുത്തണം. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് ഉൾപ്പെടെയുള്ള കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും നൂതന കാർഷിക യന്ത്രങ്ങൾ/സമ്പ്രദായങ്ങൾ എന്നിവയുടെ പരിശീലനത്തിനായി ബയോ റിസോഴ്സ് സെന്ററുകൾ പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം. കാർഷിക മേഖലയിൽ തൊഴിൽസേന രൂപീകരിക്കുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി തുക വകയിരുത്തിയതും ട്രഷറി വകുപ്പിൽ വാതിൽപ്പടി സേവനം നടപ്പിലാക്കുന്നതും മയക്കുമരുന്നിനെതിരെ എല്ലാ

ജില്ലകളിലും ഉണർവ് പദ്ധതി ആവിഷ്കരിച്ചതും സ്വാഗതാർഹമാണ്. ഭിന്നശേഷിക്കാരെയും കുടുംബാംഗങ്ങളെയും പരിരക്ഷിക്കുന്നതിനും ആശ്വാസകിരണം പോലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. മുകേഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിമൂലം തൊഴിൽ/വരുമാന നഷ്ടമുണ്ടായ സാഹചര്യത്തെ നേരിടാനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയതും ഭാവി കേരളത്തെ വിഭാവന ചെയ്യുന്നതുമായ ബഡ്ജറ്റാണിത്. വിലക്കയറ്റം നിയന്ത്രിക്കാൻ 2000 കോടി രൂപ വകയിരുത്തിയതും നെല്ലിന് താങ്ങുവില പ്രഖ്യാപിച്ചതും റബ്ബർ സബ്സിഡിക്കും കാരുണ്യ പദ്ധതിക്കും 500 കോടി രൂപ വീതം വകയിരുത്തിയതും സ്വാഗതാർഹമാണ്. കൊല്ലം ജില്ലയുടെ സമഗ്ര വികസനത്തിന് സഹായകരമായ നിരവധി പദ്ധതികൾ ബഡ്ജറ്റിലുൾപ്പെടുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. ടൂറിസം മേഖലയിലെ കാരവൻ ടൂറിസംപോലുള്ള നവീന ആശയങ്ങൾ ശ്രദ്ധേയമാണ്. ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി ഇടനാഴികൾ നിർമ്മിക്കാനുള്ള തീരുമാനവും കൊല്ലം തുറമുഖ

വികസനത്തിനും ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്കും തുക അനുവദിച്ചതും സർവ്വകലാശാലയ്ക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കാനുള്ള പ്രഖ്യാപനവും ശ്ലാഘനീയമാണ്. കലാ-സാംസ്കാരിക മേഖലയ്ക്ക് 175 കോടി രൂപ വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. ഒ.എൻ.വി. കുറുപ്പിന് കൊല്ലം നഗരത്തിൽ സ്മാരകം നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നാടകമുൾപ്പെടെയുള്ള അവതരണ കലകൾക്കും കലാസമിതിക്കും മൂലധനസഹായം നൽകാനുള്ള പദ്ധതി ആവിഷ്കരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u> : ബഡ്ജറ്റിനെ എതിർക്കുന്നു. സാമൂഹ്യ ക്ഷേമ പെൻഷനും കൈത്തറിക്ക് അനുവദിച്ച തുകയും വർദ്ധിപ്പിക്കാനും കൈത്തറി യൂണിഫോം ഹയർ സെക്കണ്ടറി സ്കൂൾതലംവരെ നടപ്പാക്കാനും നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെയും ലൈഫ് മിഷനിൽനിന്നും വേർപെടുത്തി പ്രത്യേക ഭവന നിർമ്മാണ പദ്ധതി പുനരാരംഭിക്കാനും മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകാനും നടപടിയുണ്ടാകണം. സംസ്ഥാനത്തിന്റെ പൊതുകടം മൂന്ന് ലക്ഷം കോടിയിലധികം രൂപയായി വർദ്ധിച്ചിട്ടുണ്ട്. ലൈഫ് പദ്ധതിപ്രകാരം കെട്ടിക്കിടക്കുന്ന അപേക്ഷകൾ എന്നത്തേയ്ക്ക് തീർപ്പാക്കുമെന്നും കോവിഡ് പാക്കേജിനായി അനുവദിച്ച തുക ഏതെല്ലാം

മേഖലയിൽ ചെലവഴിച്ചുവെന്നും ആരോഗ്യരംഗത്ത് ഏതെല്ലാം വിഭാഗങ്ങളിലാണ് തസ്തികകൾ സൃഷ്ടിച്ചതെന്നും 2021-22-ൽ കിഫ്ബി മുഖാന്തരം എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. പ്രായോഗികമായ നിർദ്ദേശങ്ങളടങ്ങുന്ന ജനകീയ ബഡ്ജറ്റാണിത്. പുതുക്കാട് മിനി സിവിൽ സ്റ്റേഷനുവേണ്ടി പത്ത് കോടി രൂപ അനുവദിച്ചത് അഭിനന്ദനാർഹമാണ്. സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി പുതുക്കാട് മണ്ഡലത്തിലെ മഞ്ഞൾ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബിന് കിഫ്ബി ഫണ്ട് അനുവദിക്കുന്നതിനും കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 1000 സ്ത്രീകൾക്ക് തൊഴിൽ നൽകാനാരംഭിച്ച പദ്ധതിക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. സുമേഷ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആധുനിക കേരളത്തിന്റെ വളർച്ചയ്ക്കുതകുന്നതും ദീർഘവീക്ഷണത്തോടെയുള്ളതുമായ ബഡ്ജറ്റാണിത്. വൈഫൈ ഹോട്ട്സ്പോട്ടുകൾ, നോളജ് ഇക്കണോമി, സയൻസ് പാർക്കുകൾ എന്നിവ ആരംഭിക്കുമെന്ന പ്രഖ്യാപനം

ശ്ലാഘനീയമാണ്. പോലീസ് സംവിധാനം ജനകീയമാക്കി ആധുനികവത്കരിക്കാനുള്ള കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. വികസനത്തിനുതകുന്ന പുരോഗമനപരമായ നിലപാടാണ് ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: ബഡ്ജറ്റിനെ എതിർക്കുന്നു. നടപ്പിലാക്കാൻ കഴിയാത്ത കുറേ പ്രഖ്യാപനങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. ആസ്തി വികസന ഫണ്ടിൽനിന്നും കോവിഡ് പ്രതിരോധത്തിനായി സമാഹരിച്ച തുക പൂർണ്ണമായി വിനിയോഗിക്കാത്തത് ഖേദകരമാണ്. കോവിഡ് മഹാമാരിക്കാലത്ത് പ്രതിസന്ധിയിലായ വ്യാപാരികളെ സംരക്ഷിക്കുന്നതിനുള്ള പാക്കേജ് ബഡ്ജറ്റിലുൾപ്പെടുത്താത്തത് അപലപനീയമാണ്. മത്സ്യോല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ വറൾച്ചാ പാക്കേജ് അനുവദിക്കണമെന്ന മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിക്കണം. മണ്ണെണ്ണയ്ക്കും ഡീസലിനും സബ്സിഡി അനുവദിക്കാത്തതും 25 രൂപയ്ക്ക് മണ്ണെണ്ണ നൽകുമെന്ന മുൻബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാത്തതും മത്സ്യത്തൊഴിലാളി കടാശ്വാസ കുടിശ്ശിക നൽകാനുള്ള തുക വകയിരുത്താത്തതും കടലാക്രമണ പ്രതിരോധ പദ്ധതികൾ പ്രഖ്യാപിക്കാത്തതും നിരാശാജനകമാണ്. മുതിർന്ന

മാധ്യമ പ്രവർത്തകനായിരുന്ന ഇ. സോമനാഥിന്റെ പേരിൽ മാധ്യമ പുരസ്കാരമേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ തേഞ്ഞിപ്പലത്ത് ഫയർ സ്റ്റേഷനും ജൂനിയർ ആർട്സ് ആൻഡ് സയൻസ് കോളേജും ആരംഭിക്കുന്നതിനും കടലുണ്ടി മുതൽ അരിയല്ലൂർ പരപ്പാൽ വരെ കടൽ സുരക്ഷാഭിത്തി നിർമ്മിക്കുന്നതിനും ചേളാരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിനും ആനങ്ങാടി മേൽപ്പാലം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അടുത്ത 25 വർഷത്തെ സംസ്ഥാനവികസനം മുൻകൂട്ടിക്കണ്ട് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റാണിത്. രാജ്യത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള പദ്ധതി ആദ്യമായി ആവിഷ്ക്കരിച്ചത് കേരളത്തിലാണ്. റീ ബിൽഡ് കേരളയ്ക്കുവേണ്ടി തുക വകയിരുത്തിയതും പട്ടികജാതി വിഭാഗത്തിന് ഗ്രീൻ സ്റ്റാർട്ടപ്പ് പദ്ധതി, പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, നൈപുണ്യ പദ്ധതി വഴി കൂടുതൽ പേർക്ക് തൊഴിൽ, ആരോഗ്യമേഖലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ, യുവഗവേഷകർക്ക് പ്രത്യേക ധനസഹായം തുടങ്ങിയവയുടെ പ്രഖ്യാപനവും

അഭിനന്ദനാർഹമാണ്. ഭവനരഹിതരുടെ പാർപ്പിടപ്രശ്നം പരിഹരിക്കാനും പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താനും സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. വ്യാവസായിക-വിദ്യാഭ്യാസ രംഗങ്ങളിൽ മികവുറ്റ പ്രവർത്തനമാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. 'പഠനത്തോടൊപ്പം ജോലി' എന്ന ആശയത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. വരും വർഷങ്ങളിൽ കായികരംഗത്തിന് കൂടുതൽ തുക മാറ്റിവയ്ക്കാനും എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എം. എസ്. അരുൺ കുമാർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റാനുള്ള നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. സർവ്വകലാശാലകളടക്കം ഉന്നതവിദ്യാഭ്യാസ മേഖലയെ മികവിന്റെ കേന്ദ്രങ്ങളാക്കാനും കുടുംബശ്രീയെ മുഖ്യദാരിദ്ര്യ ലഘൂകരണ സംവിധാനമാക്കാനുമുള്ള ശ്രമത്തെയും ജലാശയങ്ങളിൽ അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായുള്ള 'ശുചിത്വസാഗരം' പദ്ധതിയെയും അഭിനന്ദിക്കുന്നു. കേരളത്തിന്റെ മുഖച്ഛായ മാറ്റാനുതകുന്ന പദ്ധതിയായ കെ-റെയിൽ അടക്കമുള്ള വികസനലക്ഷ്യങ്ങൾ സർക്കാർ പൂർത്തീകരിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: ബഡ്ജറ്റിനെ എതിർക്കുന്നു. പ്രാദേശിക അസന്തുലിതാവസ്ഥയും ഫണ്ട് വിതരണത്തിൽ രാഷ്ട്രീയ വിവേചനവുമടങ്ങിയ

ബഡ്ജറ്റാണിത്. ചാലിയാർ നദി ശുചീകരണത്തിനും ന്യൂനപക്ഷ ക്ഷേമത്തിനും മോയിൻകുട്ടി വൈദ്യർ സ്മാരകത്തിനും മതിയായ തുക അനുവദിക്കാത്തതും എം.എൽ.എ. ഫണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കാത്തതും പ്രതിഷേധാർഹമാണ്. കൃഷിക്കും കച്ചവടത്തിനുമായി വായ്പയെടുത്തവരുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കിക്കൊടുക്കാനും ആശ്വാസ കിരണം പദ്ധതിക്ക് ധനസഹായം അനുവദിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. വാഴൂർ സോമൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തതും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ/അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികളിലെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചതും ആശ്വാസപ്രദമാണ്. പീരുമേട് നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന പാലങ്ങൾ പുനർ നിർമ്മിക്കാൻ തുക അനുവദിക്കണം. നിയോജകമണ്ഡലങ്ങൾതോറും സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കൃഷിയും മൂല്യവർദ്ധിത ഉത്പന്നങ്ങളും പ്രോത്സാഹിപ്പിക്കാൻ അഗ്രിടെക് ഫെസിലിറ്റി കേന്ദ്രങ്ങൾ ഏഴ് ജില്ലകളിൽ ആരംഭിക്കുമെന്നുള്ള പ്രഖ്യാപനവും വിള ഇൻഷ്വറൻസിനും കോൾഡ്

സ്റ്റോറേജിനും തുക അനുവദിച്ചതും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ഇടവിള കൃഷി ആരംഭിക്കുന്നതിനായി തോട്ടം ഉടമകളുടെ യോഗം വിളിക്കുന്നതോടൊപ്പം ഉടമകൾ ഉപേക്ഷിച്ച തോട്ടങ്ങൾ ഏറ്റെടുത്ത് ഫാം ടൂറിസത്തിനും കൃഷിക്കും പ്രയോജനപ്രദമാകുന്ന രീതിയിലുള്ള പദ്ധതി ആവിഷ്കരിക്കണം. ഏലം കർഷകർക്ക് താങ്ങുവില നൽകാൻ കേന്ദ്ര സർക്കാരിൽ സമർദ്ദം ചെലുത്തുകയും തോട്ടം മേഖലയിലെ തൊഴിലാളികളുടെ വായ്പാത്തുക തിരിച്ചടയ്ക്കാൻ സാവകാശം നൽകുകയും ചെയ്യണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. ആശ്വാസ കിരണം പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. പാലക്കാട് മെഡിക്കൽ കോളേജിന് ബഡ്ജറ്റ്/കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുകയും നെല്ലിന് താങ്ങുവില വർദ്ധിപ്പിക്കുകയും ചെയ്യണം.

<u>ഡോ. കെ. ടി. ജലീൽ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തെ തെരഞ്ഞെടുത്ത് നൈപുണ്യ കോഴ്സുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനവും കണ്ണൂരിൽ ഐ.ടി. പാർക്കും അന്താരാഷ്ട്ര വിമാനത്താവളങ്ങളോടനുബന്ധിച്ച്

സയൻസ് പാർക്കുകളും സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്. ഗ്ലോബൽ സയൻസ് ഫെസ്റ്റ് സംഘടിപ്പിക്കാൻ കേരള ശാസ്ത്ര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയത് ശാസ്ത്ര ഗവേഷണ മേഖലയ്ക്ക് വൻ നേട്ടമാണ്. നെല്ലിന്റെ താങ്ങുവില ഉയർത്തിയതും മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി ഉൽപ്പാദന കേന്ദ്രം പ്രവർത്തനക്ഷമമാക്കാനുള്ള നടപടിയും സ്വാഗതാർഹമാണ്. പുനർഗേഹം പദ്ധതി കാര്യക്ഷമമാക്കണം. കുടുംബശ്രീ വിപുലീകരിക്കാനുള്ള നീക്കവും കെട്ടിട നിർമ്മാണത്തിന് പ്രീഫാബ് ടെക്നോളജി ഉപയോഗിക്കുമെന്നുള്ള പ്രഖ്യാപനവും സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലും ക്യാൻസർ സെന്ററുകൾ വിപുലപ്പെടുത്താൻ പണം നീക്കിവച്ചതും സ്വാഗതാർഹമാണ്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കൂടുതൽ തുക അനുവദിക്കാനും മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സാ വിഭാഗം ആരംഭിക്കാനും ന്യൂനപക്ഷക്ഷേമ വകുപ്പിനെ ശാക്തീകരിക്കാനും നടപടി സ്വീകരിക്കണം.

(സഭ ഉച്ചയ്ക്കുശേഷം 2.42-ന് പിരിഞ്ഞു.)

* * * * * * * *